ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1050

# സൂറ – 34 / സബഅ്

**സൂക്തം: 01**

പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്നതും അതിൽ താനടക്കമുള്ള ജീവജാലങ്ങളുടെ നിലനിൽപിനാവശ്യമായ വിഭവങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുന്നതും അല്ലാഹുവാണെന്ന കാര്യം ആരും നിഷേധിക്കുന്നില്ല. എങ്കിൽ അല്ലാഹുവിന്റെ ഭൂമിയിൽ ജീവിക്കുകയും അവന്റെ വിഭവങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന മനുഷ്യർ അവനോട് നന്ദിയും കൂറുമുള്ളവരായിരിക്കുക എന്നത് അതിന്റെ അനിവാര്യ താൽപര്യമാകുന്നു.

## ആമുഖം

15-21 സൂക്തങ്ങളിൽ സബഇന്റെ ഉത്ഥാനപതനങ്ങളെക്കുറിച്ചു പറയുന്നതിനാൽ ഈ സൂറ: 'സബഅ്' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. യമനിലെ ചരിത്രപ്രസിദ്ധമായ ഒരു രാജവംശമാണ് സബഅ് (ശേബാ). ഈ രാജവംശം ഭരിച്ചിരുന്ന രാജ്യവും ജനതയും 'ശേബാ' എന്ന് വിളിക്കപ്പെട്ടിരുന്നു. സുലൈമാൻ നബിയുടെ കാലത്ത് ആ രാജ്യം ഭരിച്ചിരുന്ന 'ബിൽഖീസ്' ശേബാ രാജ്ഞി എന്നാണ് അറിയപ്പെട്ടിരുന്നത്.

*സബഅ്* സൂറയുടെ അവതരണം മക്കയിലാണെന്നു പൊതുവിൽ കരുതപ്പെടുന്നു. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ ഏതു ഘട്ടത്തിലാണിതിന്റെ അവതരണമെന്ന് ചരിത്രകാരന്മാർ കൃത്യമായി രേഖപ്പെടുത്തിക്കാണുന്നില്ല. സൂറയുടെ ഉള്ളടക്കവും ശൈലിയും വിലയിരുത്തിക്കൊണ്ട് ചില പണ്ഡിതന്മാർ പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ ആദ്യ പകുതിയിൽ അവതരിച്ച സൂറകളിലൊന്നാണിതെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. മുസ്ഹഫിൽ 24-ാമതായിട്ടാണ് ചേർത്തിട്ടുള്ളതെങ്കിലും അവതരണ ക്രമമനുസരിച്ച് 58-ാം സൂറയാണിത്. സൂറ *ലുഖ്മാനു* ശേഷം *അസ്സുമറി*നു മുമ്പാണ് ഇതവതരിച്ചതെന്ന് ജാബിറുബ്നു സൈദ് പ്രസ്താവിച്ചിരിക്കുന്നു.

മറ്റു മക്കീ സൂറകളെപ്പോലെ ഏകദൈവ വിശ്വാസത്തിന്റെ സ്ഥാപനവും ബഹുദൈവ വിശ്വാസത്തിന്റെ ഖണ്ഡനവും പരലോകത്തിന്റെ -ഉയിർത്തെഴുന്നേൽപിന്റെ- അനിവാര്യതയുമാണ് സൂറയുടെ മുഖ്യപ്രമേയം. ഇഹലോകത്തും പരലോകത്തും ആത്യന്തികമായി സ്തുതിയും നന്ദിയും കൂറും അർപ്പിക്കപ്പെടാനർഹൻ അല്ലാഹു മാത്രമാണെന്നതിന്റെ ന്യായങ്ങളെന്താണെന്നു പ്രസ്താവിച്ചുകൊണ്ടാണ് സൂറ ആരംഭിക്കുന്നത്. പ്രപഞ്ചം അല്ലാഹുവിന്റെ- അവന്റെ മാത്രം- ഉടമസ്ഥതയിലുള്ളതാണ്. അതിന്റെ ഓരോ കണികയെക്കുറിച്ചും സൂക്ഷ്മമായി അറിവുള്ളവനാണവൻ. ആരുടെയും ഒരു ചലനവും അവന്റെ ജ്ഞാനത്തിന് അന്യമാകുന്നില്ല. അല്ലാഹുവിന്റെ ഈ അറിവും അധികാരവും നിഷ്ഫലമോ നിഷ്ക്രിയമോ അല്ല. അതിന്റെ അടിസ്ഥാനത്തിൽ സൃഷ്ടികളുടെ ജീവിതം പരലോകത്ത് വിചാരണ ചെയ്യപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യും.

തുടർന്ന് ഭൗതിക സുഖസൗഭാഗ്യങ്ങൾ ലഭിക്കുന്നവർ അതിൽ അഹങ്കരിച്ച് സാക്ഷാൽ ദൈവത്തെ മറക്കുകയോ സ്വയം ദൈവങ്ങളായി ചമയുകയോ തങ്ങളാഗ്രഹിക്കുന്ന വിധത്തിലുള്ള ദൈവങ്ങളെ സ്വയം സൃഷ്ടിക്കുകയോ ചെയ്യരുതെന്നും ഉണർത്തുന്നു. എല്ലാം അല്ലാഹുവിങ്കൽനിന്നുള്ള ഔദാര്യമാണെന്നു മനസ്സിലാക്കി അവന്റെ തൃപ്തിക്കൊത്ത് ഉപയോഗിക്കേണ്ടതാണ്. എങ്കിൽ അവൻ കൂടുതൽ അനുഗ്രഹങ്ങൾ നൽകിക്കൊണ്ടിരിക്കും. ദൈവാനുഗ്രഹങ്ങൾ ദൈവഹിതമനുസരിച്ച് വിനിയോഗിക്കുന്നതുമൂലം സൗഭാ

ഗ്യങ്ങൾ വർധിച്ചതിന് ഉദാഹരണമായി ദാവൂദ്, സുലൈമാൻ പ്രവാചകന്മാരുടെ ചരിത്രം ഉദ്ധരിക്കുന്നു. സൗഭാഗ്യങ്ങളിൽ അഹങ്കരിച്ച് ദൈവത്തെ വിസ്മരിക്കുകയും സ്വയം ദൈവങ്ങളായി ചമയുകയും ചെയ്യുന്ന ധിക്കാരികളുടെ പരിണതി കൊടിയ ദുരന്തമായിരിക്കും. ദൈവധിക്കാരം പരമകാഷ്ഠയിലെത്തിയാൽ ഈ ലോകത്തുതന്നെ അതനുഭവിച്ചു തുടങ്ങും. അതിനുദാഹരണമായി സബഇന്റെ ചരിത്രം ചൂണ്ടിക്കാട്ടുന്നു.

സാക്ഷാൽ ദൈവത്തിന് അനേകം പങ്കാളികളുണ്ട്, മുഖ്യ ദൈവമായ പരമേശ്വരനെ ധിക്കരിച്ചു വാണാലും ഉപദൈവങ്ങളുടെ ശിപാർശ കൊണ്ട് മോക്ഷം നേടാം തുടങ്ങിയ അന്ധവിശ്വാസങ്ങൾക്ക് യുക്തിസഹമോ പ്രാമാണികമോ ആയ യാതൊരു തെളിവുമില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് ദൈവിക സന്ദേശത്തെ അന്ധമായി നിഷേധിക്കുന്നവരുടെ കാര്യം ദൈവം തന്നെ നോക്കിക്കൊള്ളുമെന്നും, അവരെ പ്രബോധനം ചെയ്യുക മാത്രമാണ് പ്രബോധകരുടെ ദൗത്യമെന്നും ഉപദേശിക്കുന്നു. ഉയിർത്തെഴുന്നേൽപ് എന്നൊന്നുണ്ടെങ്കിൽ ഞങ്ങളതു നേരിൽ കാണട്ടെ, അപ്പോൾ വിശ്വസിച്ചുകൊള്ളാം എന്ന പ്രതിയോഗികളുടെ നിലപാട് നിരർഥകമാണെന്ന് വിശദമാക്കുന്നു.

ഈ ലോകത്ത് ലഭിക്കുന്ന സുഖഭോഗങ്ങളെ തങ്ങൾ ദൈവത്തിനു പ്രിയപ്പെട്ടവരാണെന്നതിനും, പരലോകത്തും ഇതുപോലെ ദൈവം തങ്ങളെ രക്ഷിക്കുമെന്നതിനും തെളിവായി ഉന്നയിക്കുന്നവരെ ഉദ്ബോധിപ്പിക്കുന്നു: ഈ ലോകത്ത് അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളെല്ലാം പരീക്ഷണമായി നൽകുന്നതാണ്. ആ പരീക്ഷണങ്ങളെ എങ്ങനെ സമീപിച്ചു എന്നതിനെ ആശ്രയിച്ചിരിക്കുന്നു സൃഷ്ടികളോടുള്ള അവന്റെ പ്രീതിയും അപ്രീതിയും. കർമഗുണംകൊണ്ട് മാത്രമേ മനുഷ്യന് ദൈവപ്രീതി നേടാനൊക്കൂ. ദൈവത്തിങ്കൽ തങ്ങളുടെ രക്ഷകരായി വർത്തിക്കുമെന്ന് ധരിച്ച് ചിലയാളുകൾ മലക്കുകളെ ആരാധിക്കുന്നുണ്ടല്ലോ. മനുഷ്യർ തങ്ങൾക്കർപ്പിച്ചിരുന്ന ആരാധനയെ അന്ത്യനാളിൽ ആ മലക്കുകളെല്ലാം നിഷേധിക്കുന്നതായിരിക്കും. അവർ ബോധിപ്പിക്കും: ഞങ്ങൾ ആരോടും ഞങ്ങളെ ആരാധിക്കാനാവശ്യപ്പെട്ടിട്ടില്ല. ആരെങ്കിലും ഞങ്ങളെ ആരാധിച്ചിരുന്നുവെങ്കിൽ ഞങ്ങൾക്കതിൽ ഒരു ഉത്തരവാദിത്വവുമില്ല.

ഈ ഖുർആൻ അല്ലാഹുവിങ്കൽനിന്ന് മനുഷ്യർക്ക് ലഭിക്കുന്ന മഹത്തായ അനുഗ്രഹമാണെന്നും അത് ബുദ്ധിപൂർവം വായിച്ച്, നിഷ്പക്ഷമായി ചിന്തിച്ച് തീരുമാനമെടുക്കണമെന്നും ഉദ്ബോധിപ്പിച്ചുകൊണ്ടും അതിനുള്ള അവസരം പാഴാക്കിക്കളഞ്ഞാൽ പിന്നീട് വല്ലാതെ ഖേദിക്കേണ്ടിവരുമെന്നും ആ ഖേദം കൊണ്ട് പാഴായിപ്പോയ സമയം തിരിച്ചുകിട്ടുകയില്ലെന്നും താക്കീത് ചെയ്തുകൊണ്ടുമാണ് സൂറ സമാപിക്കുന്നത്.

ഈ സൂറ തൊട്ടുമുമ്പുള്ള സൂറയുമായി മൂന്നു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു: 1) അല്ലാഹുവിന്റെ സമ്പൂർണമായ അധികാരവും അറിവും പരാമർശിച്ചുകൊണ്ടുള്ള സൂറയുടെ തുടക്കം. കഴിഞ്ഞ സൂറയുടെ, കപടന്മാരെയും മുശ്‌രിക്കുകളെയും അല്ലാഹു ശിക്ഷിക്കുകയും സത്യവിശ്വാസികളുടെ തൗബ കൈക്കൊള്ളുകയും ചെയ്യുമെന്ന സമാപന സൂക്തത്തിന്റെ അനുബന്ധമായി ശിക്ഷിക്കാനും രക്ഷിക്കാനുമുള്ള അവന്റെ അവകാശം വ്യക്തമാക്കുന്നു. 2) മുൻസൂക്തത്തിലെ അന്തിമവാക്യം وَكَانَ اللَّهُ غَفُورًا رَّحِيمًا എന്നും ഈ സൂക്തത്തിന്റെ രണ്ടാംസൂക്തത്തിന്റെ അവസാനവാക്യം وَهُوَ الرَّحِيمُ الْغَفُورُ എന്നുമാകുന്നു. 3) കഴിഞ്ഞ സൂറ നിഷേധികളുടെ ഉയിർത്തെഴുന്നേൽപ് എപ്പോഴാണ് സംഭവിക്കുക എന്ന ചോദ്യം ഉദ്ധരിച്ചിരിക്കുന്നു. ഈ സൂറ അവരുടെ, ഉയിർത്തെഴുന്നേൽപു നിഷേധം വ്യക്തമായി ഉദ്ധരിച്ചുകൊണ്ട്, ആ സമയമന്വേഷണം കേവലം പരിഹാസമായിരുന്നുവെന്ന് സ്ഥിരീകരിക്കുന്നു. ●

---

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

ٱلْحَمْدُ لِلَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَلَهُ ٱلْحَمْدُ فِى ٱلْءَاخِرَةِ ۚ وَهُوَ ٱلْحَكِيمُ ٱلْخَبِيرُ ﴿١﴾

1. ആകാശഭൂമികളുള്ളതിനൊക്കെയും ഉടയവനായ അല്ലാഹുവിനാകുന്നു സർവസ്തുതിയും. പരലോകത്തും സ്തുതി അവനുതന്നെ. അവൻ യുക്തിമാനും അഗാധജ്ഞനുമാകുന്നു.

**1**

الْحَمْدُ لِلَّهِ= സർവ സ്തുതിയും അല്ലാഹുവിനാകുന്നു

الَّذِي لَهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ= ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും തന്റേതായിട്ടുള്ളവനായ

(ആകാശഭൂമികളിലുള്ളതിനൊക്കെയും ഉടയവനായ)

وَلَهُ الْحَمْدُ فِي الْآخِرَةِ = പരലോകത്തും സ്തുതി അവനു തന്നെയാകുന്നു وَهُوَ = അവൻ

الْحَكِيمُ = യുക്തിമാ(നും)നാകുന്നു الْخَبِيرُ = അഗാധജ്ഞ(നുമാകുന്നു)നായ

സൂക്താരംഭത്തിലെ الْحَمْدُ لِلَّهِ-യുടെ ആശയം സൂറ *അൽഫാതിഹ* രണ്ടാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* വിശദീകരിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ 38 തവണ ആവർത്തിക്കുന്നുണ്ട് الْحَمْدُ لِلَّهِ. അഞ്ചു സൂറകളുടെ തുടക്കവാക്യവുമാണിത്. *അൽഫാതിഹ*യും *അൽഅൻആമും അൽകഹ്ഫും സബഉം ഫാത്വിറു*മാണവ. അതിൽനിന്നുതന്നെ ഈ വാക്യത്തിന്റെ മഹത്വവും പ്രാധാന്യവും മനസ്സിലാക്കാവുന്നതാണ്. الْحَمْدُ لِلَّهِ -സർവ സ്തുതിയും അല്ലാഹുവിനാകുന്നു- പ്രത്യക്ഷത്തിൽ ഒരു പ്രസ്താവനയാണ്. എന്നാൽ ആശയത്തിൽ അത് ഒരു പ്രാർഥനയും പ്രതിജ്ഞയും സ്തുതിവചനവും എല്ലാം ആകുന്നു. അല്ലാഹുവിനെ സ്തുതിക്കുവിൻ എന്ന് സൃഷ്ടികളോടുള്ള കൽപനയായും 'ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു' -أحمد الله- എന്ന സ്തുതികീർത്തനമായും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ആത്യന്തികമായി അല്ലാഹു മാത്രം സ്തുതിക്കപ്പെടുക എന്നത് ഇസ്‌ലാമിന്റെ ആകത്തുകയാണ്. സ്തുതിയും നന്ദിയും കൂറും അനുസരണവും ആരാധനയുമെല്ലാം ഉൾക്കൊള്ളുന്ന പദമാണ് الْحَمْدُ. സ്തുതിക്കപ്പെടാനുള്ള അല്ലാഹുവിന്റെ അവകാശവും അതു ചെയ്യാനുള്ള സൃഷ്ടിയുടെ ബാധ്യതയും അഞ്ചു വിധത്തിൽ സൂചിപ്പിക്കുന്നതാണ് സൂറാരംഭങ്ങളിലുള്ള الْحَمْدُ لِلَّهِ - *അൽഅൻആം* 1-ാം സൂക്തം ഇങ്ങനെയാണ്

الْحَمْدُ لِلَّهِ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ وَجَعَلَ الظُّلُمَاتِ وَالنُّورَ ۖ ثُمَّ الَّذِينَ كَفَرُوا بِرَبِّهِمْ يَعْدِلُونَ ﴿١﴾

''സർവ സ്തുതിയും അല്ലാഹുവിനാകുന്നു. അവനാണ് വാനഭുവനങ്ങൾ സൃഷ്ടിച്ചതും ഇരുട്ടും വെളിച്ചവുമുളവാക്കിയതും. ഈ യാഥാർഥ്യം അറിഞ്ഞിട്ടും സത്യം സ്വീകരിക്കാൻ കൂട്ടാക്കാത്തവർ അവരുടെ നാഥനു സമന്മാരെ കൽപിക്കുന്നു.'' സകല വസ്തുക്കളെയും ഇല്ലായ്മയിൽനിന്ന് ഉളവാക്കുകയും അവക്കെല്ലാം നിലനിൽക്കാനാവശ്യമായ ഉപാധികളേർപ്പെടുത്തുകയും ചെയ്ത 'സ്രഷ്ടാവ്' എന്ന ഗുണത്തിലൂന്നിയാണ് ഈ സൂക്തം, താൻ മാത്രം സ്തുതിക്കപ്പെടാനുള്ള അല്ലാഹുവിന്റെ അവകാശം സ്ഥാപിക്കുന്നത്. *അൽകഹ്ഫി*ലെ പ്രഥമ സൂക്തം ഇങ്ങനെ: الْحَمْدُ لِلَّهِ الَّذِي أَنزَلَ عَلَىٰ عَبْدِهِ الْكِتَابَ وَلَمْ يَجْعَل لَّهُ عِوَجًا ﴿١﴾ (തന്റെ ദാസന് വേദം അവതരിപ്പിച്ചുകൊടുത്ത അല്ലാഹുവിനാകുന്നു സർവ സ്തുതിയും. വേദത്തിൽ ഒരുവക കോട്ടവും വരുത്തിയിട്ടില്ല). സന്മാർഗദർശകൻ, അഥവാ സൃഷ്ടികൾക്ക് ശരിയായി വാഴാനുള്ള ജ്ഞാനവും ആവശ്യമായ നിയമാവലിയും നൽകിയവൻ എന്നതാണ് ഈ സൂക്തം സ്തുതീയതയുടെ ന്യായമായി ഉന്നയിച്ചിരിക്കുന്നത്. *അൽഫാത്വിറി*ന്റെ തുടക്കം ഇങ്ങനെ:

الْحَمْدُ لِلَّهِ فَاطِرِ السَّمَاوَاتِ وَالْأَرْضِ جَاعِلِ الْمَلَائِكَةِ رُسُلًا أُولِي أَجْنِحَةٍ مَّثْنَىٰ وَثُلَاثَ وَرُبَاعَ ۚ يَزِيدُ فِي الْخَلْقِ مَا يَشَاءُ ۚ إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿١﴾

(ആകാശഭൂമികളെ സൃഷ്ടിക്കുകയും ഈരണ്ടും മുമ്മൂന്നും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിശ്ചയിക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ സ്തുതിയും. സൃഷ്ടിഘടനയിൽ അവൻ ഇഛാനുസാരം കൂട്ടിച്ചേർക്കുന്നു. അല്ലാഹു എന്തിനും കഴിവുള്ളവനല്ലോ). മനുഷ്യർക്ക് കാണാനാവാത്ത ദൂതന്മാരിലൂടെ പ്രപഞ്ചത്തിന്റെ ദൈനംദിന ഭരണവും പരിപാലനവും നടത്തിക്കൊണ്ടിരിക്കുന്ന മഹാശക്തി എന്നതാണ് ഈ സൂക്തം സൂചിപ്പിക്കുന്ന സ്തുത്യർഹത. ഇഹലോകത്തിന്മേലും പരലോകത്തിന്മേലുമുള്ള സമഗ്രമായ ഉടമസ്ഥാധികാരമാണ് സൂറ *സബഇ*ലെ ഈ പ്രാരംഭ സൂക്തം സൂചിപ്പിക്കുന്ന സ്തുത്യർഹത. ഇപ്പറഞ്ഞ എല്ലാ വിധത്തിലും അല്ലാഹു സ്തുതിക്കപ്പെടേണ്ടവനാകുന്നു എന്നാണ് *അൽഫാതിഹ*യുടെ തുടക്കമായ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ സൂചിപ്പിക്കുന്നത്. അതിന്റെ ശേഷമുള്ള സൂക്തങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ അക്കാര്യം വ്യക്തമാകും.

ആത്യന്തികമായ സ്തുതിക്കും നന്ദിക്കും കൂറിനും അവകാശി അല്ലാഹു മാത്രമാകുന്നു എന്ന തത്ത്വത്തിനാധാരമായി മേൽപറഞ്ഞ സൂക്തങ്ങൾ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ വിഗ്രഹാരാധകരടക്കം എല്ലാ ദൈവവിശ്വാസികളും സമ്മതിക്കുന്നതാണ്. പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്നതും അതിൽ താനടക്കമുള്ള ജീവജാലങ്ങളുടെ നിലനിൽപിനാവശ്യമായ വിഭവങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുന്നതും അല്ലാഹുവാണെന്ന കാര്യം ആരും നിഷേധിക്കുന്നില്ല. എങ്കിൽ അല്ലാഹുവിന്റെ ഭൂമിയിൽ ജീവിക്കുകയും അവന്റെ വിഭവങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന മനുഷ്യർ അവനോട് നന്ദിയും കൂറുമുള്ളവരായിരിക്കുക എന്നത് അതിന്റെ അനിവാര്യ താൽപര്യമാകുന്നു. ഔദാര്യം ചെയ്തവരോട് ആ ഔദാര്യം അനുഭവിക്കുന്നവർക്ക് നന്ദിയും കൂറും ഇല്ലാതിരിക്കുന്നത് തികച്ചും നീചവും നികൃഷ്ടവുമായ സ്വഭാവമാണ്. അല്ലാഹുവിനോട് നന്ദിയും കൂറും പുലർത്തുക, അല്ലാഹുവിനെ ആരാധിക്കുന്നതിലൂടെയും അവന്റെ വിധിവിലക്കുകൾ അനുസരിക്കുന്നതിലൂടെയും അവനല്ലാത്ത മറ്റാരെയും ആരാധിക്കാതെയും അനുസരിക്കാതെയുമിരിക്കുന്നതിലൂടെയുമാണ്. അല്ലാഹുവല്ലാത്തവരും തീർച്ചയായും സഹായവും ഔദാര്യവും ചെയ്യാറുണ്ട്. അവരൊക്കെ അല്ലാഹുവിന്റെ സഹായത്തിന്റെയും ഔദാര്യത്തിന്റെയും മാധ്യമങ്ങൾ മാത്രമാകുന്നു. അതുകൊണ്ട് അല്ലാഹുവിനോടുള്ള നന്ദിക്കും കൂറിനും വിധേയമായിരിക്കണം, അതിനു തുല്യമോ അതിനുപരിയോ ആയിരിക്കരുത് സൃഷ്ടികളോടുള്ള നന്ദിയും കൂറും. ഭൗതിക ലോകത്തു മാത്രമല്ല, പരലോകത്തും സകല സൃഷ്ടികളുടെയും സർവസ്തുതിക്കുമവകാശപ്പെട്ടവൻ അല്ലാഹുവാണെന്ന് ഉണർത്തുകയാണ് وَلَهُ الْحَمْدُ فِي الْآخِرَةِ എന്ന വാക്യം. ഉടമത്വ(ملكية)ത്തിന്റെയും പരിപാലകത്വ(ربوبية)ത്തിന്റെയും അനിവാര്യതയാണ് പരലോകമുണ്ടാവുക എന്നത്. പരലോകമില്ലെങ്കിൽ ഉടമത്വവും പരമാധികാരവും പരിപാലകത്വവുമെല്ലാം നിരർഥകമാകുന്നു. പരലോകത്ത് യാഥാർഥ്യങ്ങളൊക്കെയും മറനീങ്ങി പ്രത്യക്ഷമാവുകയും അല്ലാഹുവിന്റെ വാഗ്ദാനങ്ങളെല്ലാം പൂർത്തീകരിക്കപ്പെടുകയും ചെയ്യുമ്പോൾ അതിന്റെ സൗഭാഗ്യങ്ങളനുഭവിക്കുന്നവർ അല്ലാഹുവിന്റെ സ്തുതികീർത്തനം ചെയ്യുക സ്വാഭാവികമാകുന്നു. 10:10-ൽ ഈ ആശയം അവതരിപ്പിക്കുന്നത് وَآخِرُ دَعْوَاهُمْ أَنِ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ (അവരുടെ കാര്യങ്ങളെല്ലാം പര്യവസാനിക്കുന്നത് സർവസ്തുതിയും പ്രപഞ്ചവിധാതാവായ അല്ലാഹുവിനാകുന്നു എന്ന വചനത്തിലായിരിക്കും) എന്നാണ്. വിഗ്രഹാരാധകർ സഹായവും ശിപാർശയും പ്രതീക്ഷിക്കുന്ന ഉപദൈവങ്ങളും ദേവീദേവന്മാരും പരലോകത്ത് ഒരിക്കലും സ്തുതിക്കപ്പെടുകയില്ലെന്നുകൂടി وَلَهُ الْحَمْدُ فِي الْآخِرَةِ എന്ന വാക്യം പ്രഖ്യാപിക്കുന്നു. 28:70-ൽ ഇക്കാര്യം പറയുന്നതിങ്ങനെയാണ്: 'അവനാകുന്നു

സാക്ഷാൽ ദൈവം. അവനല്ലാതെ ദൈവമേതുമില്ല. ഇഹത്തിലും പരത്തിലും സ്തുതി അവനുമാത്രം അവകാശപ്പെട്ടതാകുന്നു. ശാസനാധികാരവും അവനുമാത്രം. അവങ്കലേക്കു തന്നെയാണ് നിങ്ങളെല്ലാവരും തിരിച്ചയക്കപ്പെടുന്നത്). ഈ സന്ദർഭത്തിൽ وَهُوَ الْحَكِيمُ الْخَبِيرُ എന്ന പിൻമൊഴി തൊട്ടുമുമ്പ് ഉന്നയിച്ച ആകാശഭൂമികളുടെ ഉടമസ്ഥതയും ഇഹത്തിലും പരത്തിലും ആത്യന്തികമായി സ്തുതിക്കപ്പെടാനുള്ള അവകാശവും അല്ലാഹുവിനു മാത്രമാകുന്നു എന്ന വാദത്തിന്റെ ന്യായമാകുന്നു. തികഞ്ഞ നീതിയും സത്യവും കണ്ടെത്തുന്നവനും വിധിക്കുന്നവനുമാണല്ലോ യുക്തിജ്ഞൻ. അങ്ങനെയുള്ള ഒരസ്തിത്വമാണ് ഈ പ്രപഞ്ചത്തിന്റെ ഉടമയെങ്കിൽ പ്രപഞ്ചത്തിനു വ്യക്തമായ ലക്ഷ്യവും മാർഗവുമുണ്ടായിരിക്കുക അവന്റെ ഉടമസ്ഥതയുടെ അനിവാര്യതയാകുന്നു. ലക്ഷ്യവും മാർഗവും അർഥവത്താകാൻ ആ ലക്ഷ്യവും മാർഗവും പൂർത്തീകരിക്കപ്പെട്ടുവോ എന്ന് പരിശോധിക്കപ്പെടുന്ന ഒരു ഘട്ടവുമുണ്ടായിരിക്കണം. തന്റെ നന്ദിയും കൂറുമുള്ള അടിമകൾ അതിന്റെ സൽഫലവും അതില്ലാതെ വാണവർ അതിന്റെ ദുഷ്ഫലവും അനുഭവിക്കുമാറാകണം. ഇതൊന്നുമില്ലെങ്കിൽ ഉടമസ്ഥതയും തജ്ജന്യമായ അധികാരവും അയുക്തികവും നിരർഥകവുമാകുന്നു. അതായത് സൃഷ്ടിപ്രപഞ്ചത്തിന് ഉദ്ദേശ്യമോ ലക്ഷ്യമോ ഇല്ല, ലക്ഷ്യബോധമോ യുക്തിജ്ഞാനമോ ഇല്ലാത്ത ആരുടെയോ വിനോദവിക്രിയ മാത്രമാണീ പ്രപഞ്ചം. പക്ഷേ, പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ പ്രകടമാകുന്ന യുക്തിബന്ധുരമായ പരസ്പര ബന്ധവും ആശ്രിതത്വവും അത് ഒരു യുക്തിജ്ഞനായ സ്രഷ്ടാവിന്റെ ആസൂത്രിതവും ലക്ഷ്യോന്മുഖവുമായ സൃഷ്ടിയാണെന്നു വിളിച്ചോതുന്നുണ്ട്. തന്റെ സൃഷ്ടികളിൽ നിഷ്കൃഷ്ടമായ നീതി നടത്തുക എന്നതും യുക്തിജ്ഞതയുടെയും ലക്ഷ്യോന്മുഖതയുടെയും താൽപര്യമാകുന്നു. അവന്റെ നീതിനടത്തിപ്പിനെ മറ്റസ്തിത്വങ്ങൾക്കോ മിഥ്യാ ശിപാർശകർക്കോ സ്വാധീനിക്കാൻ കഴിയുക എന്നത് അവന്റെ യുക്തിജ്ഞാനത്തിന്റെ ന്യൂനതയും അപര്യാപ്തതയുമാകും. കൂടാതെ അവൻ خَبِيرٌ കൂടിയാണ്. ദൈവം എവിടെ നിന്നൊക്കെയോ ലഭിച്ച എന്തെല്ലാമോ ഉപായങ്ങളും ഉപയോഗിച്ച് സൃഷ്ടിച്ചതല്ല ഈ പ്രപഞ്ചം. പ്രപഞ്ചത്തിന്റെ ഓരോ കണവും അവൻ തന്നെ ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ച് ഉളവാക്കിയതാണ്. താൻ സൃഷ്ടിച്ച എന്തിനെക്കുറിച്ചും- അതിന്റെ ഘടകങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ധർമങ്ങളെക്കുറിച്ചും- അവന് സൂക്ഷ്മമായും സുവ്യക്തമായും അറിയാം. أَلَا يَعْلَمُ مَنْ خَلَقَ وَهُوَ اللَّطِيفُ الْخَبِيرُ ﴿١٤﴾ (സൃഷ്ടിച്ചവൻ സൃഷ്ടിയെ അറിയുന്നില്ലെന്നോ, അവൻ സൂക്ഷ്മദൃക്കും എല്ലാം ആഴത്തിലറിയുന്നവനുമായിരിക്കെ? - 67:14). തന്റെ സൃഷ്ടികളെ വിചാരണ ചെയ്യാനും വിധിക്കാനും അവന് മറ്റാരുടെയും അറിവിന്റെയോ യുക്തിയുടെയോ സഹായം ആവശ്യമില്ല. അവനെ ആർക്കും ശിപാർശകൊണ്ട് പറ്റിക്കാനും കഴിയില്ല. ആകയാൽ യഥാർഥ സ്രഷ്ടാവും ഉടമസ്ഥനും യുക്തിമാനും സർവജ്ഞനും അല്ലാഹു മാത്രമാണെങ്കിൽ ആത്യന്തികമായി സ്തുതിക്കപ്പെടാനും നന്ദിയും കൂറും അർപ്പിക്കപ്പെടാനുമുള്ള അവകാശവും അർഹതയും അവനല്ലാതെ മറ്റാർക്കുമില്ല. ●